## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാചോദ്യം നം. *390 | 19/03/2018 ൽ<br>മറുപടിക്ക് |

### കശുമാവ് കൃഷി ലാഭകരമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടിയുടെ നല്ലൊരു ഭാഗം ഇടനിലക്കാർ മുഖേന സംസ്ഥാനത്തിന്റെ പുറത്തേക്ക് എത്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട മൂല്യം ലഭിക്കുന്നതിനുമായി കശുമാവ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും ഇവ ക്രോഡീകരിച്ച് കാഷ്യൂ ഫാർമേഴ്സ് മാർക്കറ്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിമാരുടെ സംയുക്തയോഗം ചേർന്ന് പരമാവധി തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള മറ്റെല്ലാ തോട്ടങ്ങളിൽ നിന്നും ഫാമുകളിൽ നിന്നും കർഷകരിൽ നിന്നും മറ്റിതര സ്ഥലങ്ങളിൽ നിന്നും തോട്ടണ്ടി പരമാവധി ശേഖരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കോർപ്പറേഷനും |

കാപെക്സിനും ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപരിയായി കാപെക്സിനും കോർപറേഷനും നാടൻ തോട്ടണ്ടി സംഭരണത്തിനു നേരിട്ട് ടെണ്ടർ ക്ഷണിച്ചും നടപടി സ്വീകരിച്ചു വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ തന്നെ കർഷകർക്ക് ന്യായവില കിട്ടുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കർഷകർക്ക് മെച്ചപ്പെട്ട മൂല്യം ലഭിക്കുന്നതിനായി കശുമാവ് കർഷകരുടെ കൂട്ടായ്മകൾ ഉണ്ടാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു പ്രദേശത്തുള്ള 20 ൽ കൂടുതൽ അംഗങ്ങൾ അടങ്ങുന്ന കർഷകരുടെ കൂട്ടായ്മ രൂപീകരിക്കാനും അതുവഴി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്ന കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

(സി) കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിച്ചാൽ കശുമാവ് കൃഷി കൂടുതൽ ആകർഷകവും ലാഭകരവും ആകുമെന്നതിനാൽ ഇത്തരം ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി) ആഭ്യന്തര വിപണിയിൽ കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും വിൽപന വിപുലമാക്കുന്നതിനു വേണ്ടി കേരളത്തിലുടനീളം സി.ഡി.സി. കാഷ്യൂസിന്റെ വിതരണത്തിനായി ഡിസ്ട്രിബ്യൂട്ടേഴ്സും ഫ്രാഞ്ചൈസികളും ഉണ്ട്. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിലൂടെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങളായ ജാം, സ്ക്വാഷ്,അച്ചാർ, വിനിഗർ, കാഷ്യൂ കാൻഡി മുതലായവ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനവും തൊഴിലധിഷ്ഠിത പരിശീലനവും കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കാഷ്യൂ റിസർച്ച് സ്റ്റേഷൻ മാടക്കത്തറ തൃശ്ശൂർ വഴി നൽകുന്നു. സ്ത്രീ കൂട്ടായ്മകൾക്ക് പ്രത്യേകമായും

ട്രെയിനിംഗ് നൽകുന്നു. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപ വീതം യൂണിറ്റ് ഒന്നിന് സാമ്പത്തിക സഹായവും നൽകുന്നു.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.സി.ഡി.സി.യ്ക്ക് സി.ഡി.സി ബ്രാൻഡ് പ്രൊമോഷന് വേണ്ടി 50 ലക്ഷം രൂപയും കോർപറേഷന്റെ പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ